**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5723** **13-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തുനിന്നും ഒഴിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി സ്വീകരിച്ച പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇനിയെത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുണ്ടെന്നും ഇവരുടെ പുനരധിവാസം വൈകുന്നതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ? | (എ) | വിഴിഞ്ഞം തുറമുഖ പദ്ധതി നിലവിൽ വരുന്നതോടെ തീരശോഷണം ഉണ്ടാകുമെന്ന് ആദ്യ ഘട്ടത്തിൽ ആശങ്കകളുയർന്ന പശ്ചാത്തലത്തിൽ പദ്ധതി നടത്തിപ്പ് മൂലം ഭാവിയിൽ ഏതെങ്കിലും വിധത്തിലുള്ള തീരശോഷണം ഉണ്ടായാൽ ബാധിക്കപ്പെടുന്നവരുടെ പുനരധിവാസത്തിനുള്ള ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കുമെന്ന് ഉറപ്പ് നൽകിയിരുന്നു. എന്നാൽ തീരദേശത്ത് വേലിയേറ്റ പരിധി ക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും മാറ്റി പാർപ്പിക്കുന്ന പുനർഗേഹം പദ്ധതി നിലവിൽ വന്നതിനാൽ ടി മേഖലയിൽ താമസിക്കുന്ന 1,615 കുടുംബങ്ങൾ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയവരുടെ പുനരധിവാസം പുനർഗേഹം പദ്ധതിയിലൂടെ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ